പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2555

09.03.2017 -ലെ മറുപടിയ്ക്ക്

## നോട്ടുനിരോധനം തൊഴിൽമേഖലയിലുണ്ടാക്കിയ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.വി. ഇബ്രാഹിം<br>ശ്രീ.പി.കെ.കുഞ്ഞാലികുട്ടി<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. അബ്ദുൽ ഹമീദ് .പി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നോട്ടുനിരോധനത്തെ തുടർന്ന് കേരളത്തിലെ തൊഴിൽ മേഖലയിലുണ്ടായ മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ലാന്റേഷൻ, കാഷ്യു, മത്സ്യ ബന്ധന-വിപണന മേഖല, നിർമ്മാണ മേഖല, പ്ലൈവുഡ് മേഖല, ടെക്സ്റ്റൈയിൽസ്-ചെറുകിട കച്ചവട എന്നീ മേഖലകളിൽ പ്രധാനമായും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. |
| (ബി)തൊഴിൽ മേഖലയുടെ സംരക്ഷണത്തിനായി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | (ബി) പതിനാല് ജില്ലകളിലും ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ യോഗം കൂടി നിലവിലെ അവസ്ഥ അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ കൺവീനറായി കമ്മിറ്റികൾ രൂപികരിക്കുകയും ചെയ്തു. ലീഡ് ബാങ്കുകൾ മുഖേന അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവും ഇതോടൊപ്പം നടത്തുകയു ണ്ടായി. പ്രതിസന്ധി റിപ്പോർട്ട് ചെയ്ത സ്ഥാപനങ്ങളിൽ അടിയന്തിരമായി ഇടപെട്ട് ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ നടപടി എടുത്തിട്ടുണ്ട്. നിർമ്മാണം, പ്ലൈവുഡ്, പ്ലന്റേഷൻ, കടകകളും വാണിജ്യ സ്ഥാപനങ്ങളും പരമ്പരാഗത തൊഴിൽ മേഖലകൾ, ഫാക്ടറികൾ തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം നൽകുന്നതിനുള്ള അടിയന്തിര ശ്രമങ്ങളുടെ ഭാഗമായി ബാങ്കുകളുടെ സഹായത്തോടെ ഈ കാലയളവിൽ സംസ്ഥാനമൊട്ടാകെ 303 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ബാങ്ക് അക്കൗണ്ട് ഇല്ലാത്ത 13252 തൊഴിലാളികൾക്ക് പുതുതായി ബാങ്ക് അക്കൗണ്ട് ഈ സ്പെഷ്യൽ ഡ്രൈവിലൂടെ ലഭ്യമാകാനുള്ള നടപടി |

| | |
|---|---|
| | സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിൽ തേടി ധാരാളമായി വന്നുകൊണ്ടിരുന്ന സ്ഥിതിവിശേഷത്തിൽ നോട്ടു നിരോധനം എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) പ്ലാന്റേഷൻ, കാഷ്യു, മത്സ്യ ബന്ധന-വിപണന മേഖല, നിർമ്മാണ മേഖല, പ്ലൈവുഡ് മേഖല, ടെക്സ്റ്റൈയിൽസ്-ചെറുകിട കച്ചവട എന്നീ മേഖലകളിൽ തൊഴിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. |

Sreeda
**സെക്ഷൻ ഓഫീസർ**